# Indian School Al Wadi Al Kabir

## Pre-Mid Term Examination (2026- 27)

## Malayalam (Code:012)

Class: VIII  Max. Marks:30
Date: 19/05/2026  Time: 1 hour

***General Instructions*:**

**Please check that this question paper contains 3 printed pages and 13 questions.**

---

1) **തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** (5X1=5)

ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്നതിൽ വെച്ച് ഏറ്റവും വലിയ പക്ഷിയാണ് ഒട്ടകപ്പക്ഷി. എട്ടടിയോളം ഉയരവും, നൂറ്റിനാല്പത് കിലോഗ്രാമിലധികം തൂക്കവുമുള്ള ഒട്ടകപ്പക്ഷികൾക്ക് തന്റെ പകുതി പോലും ഭാരമില്ലാത്ത മനുഷ്യനെ വഹിച്ചുകൊണ്ട് പോകുന്നത് വലിയ വിഷമമുള്ള കാര്യമല്ല. വടക്കേ ആഫ്രിക്കയിലെ ആളുകൾ ഒട്ടകപ്പക്ഷിയുടെ പുറത്ത് സവാരി ചെയ്യാറുണ്ട്. തന്റെ കൂറ്റൻ ശരീരം നിലത്തുനിന്ന് ഉയർത്തി പറക്കാനുള്ള കഴിവ് ഒട്ടകപ്പക്ഷിക്കില്ല. ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ ദൈവം അവയ്ക്ക് നൽകിയ ആയുധം കാലുകളാണ്. മണിക്കൂറിൽ അറുപത്തിയഞ്ച് കിലോമീറ്റർ വരെ വേഗത്തിൽ ഓടാൻ ഒട്ടകപ്പക്ഷികൾക്ക് കഴിയും. സഹാറാ മരുഭൂമിയുടെ തെക്കുള്ള പ്രദേശത്തും, കിഴക്കനാഫ്രിക്കയിലും സാംബിയയിലുമാണ് ഒട്ടകപ്പക്ഷിയെ കാണാറുള്ളത്.

ചോദ്യങ്ങൾ

i. ഒട്ടകപ്പക്ഷിയുടെ പുറത്ത് സവാരി ചെയ്യുന്നവർ ഏത് രാജ്യക്കാരാണ് ?

ii. ഏതെല്ലാം സ്ഥലങ്ങളിലാണ് ഒട്ടകപ്പക്ഷികളെ കാണുന്നത്?

iii. ശത്രുക്കളിൽ നിന്നും രക്ഷപ്പെടാൻ ദൈവം ഒട്ടകപ്പക്ഷിക്ക് നൽകിയിട്ടുള്ള ആയുധം ഏതാണ്?

iv. ഒട്ടകപ്പക്ഷിയുടെ ഭാരം എത്രയാണ്?

v. മണിക്കൂറിൽ എത്ര കിലോമീറ്റർ വരെ വേഗത്തിൽ ഓടാൻ ഒട്ടകപ്പക്ഷികൾക്ക് കഴിയും?

2) **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** (3 x 1= 3)

i) ‘ഇന്ത്യയിൽ എത്ര ശതമാനം കുട്ടികൾ ലഹരിവസ്തുക്കൾക്ക് അടിമകളായിക്കഴിഞ്ഞുവെന്നാണ് ഔദ്യോഗികമായ കണക്ക്?
(ഇരുപതു ശതമാനം, അഞ്ചു ശതമാനം, പത്തു ശതമാനം)

ii) 'സ്നേഹപൂർവം അമ്മ' എന്ന പാഠഭാഗം എഴുതിയതാരാണ്?

(മാധവിക്കുട്ടി, സുഗതകുമാരി, ബാലാമണിയമ്മ)

iii) "ഈ കൊച്ചൻ എഞ്ചിനീയറിങ്ങിനു പഠിക്കുകയായിരുന്നു. വല്യ പാട്ടുകാരനാ! ഒക്കെ തുലച്ചു".

ഇങ്ങനെ പറഞ്ഞതാര്?

(അമ്മ, ആശുപത്രി ജോലിക്കാരൻ, ഡോക്ടർ)

**3) അർഥം എടുത്തെഴുതുക.** (2x ½= 1)

i) പോറ്റുക

(പുലമ്പുക, സംരക്ഷിക്കുക, നടിക്കുക)

ii) പരിഭ്രമം

(പേടി, മഹിമ, ക്രൂരത)

**4) വിഗ്രഹാർഥം എടുത്തെഴുതുക.** (2x ½= 1)

i) മഹാനഗരം

(മഹത്തായ നഗരം, മഹത്ത് എന്ന നഗരം, മഹത്ത് ആകുന്ന നഗരം)

ii) ചതിക്കുഴി

(ചതിയുടെ കുഴി, ചതി ആകുന്ന കുഴി, ചതി എന്ന കുഴി)

**5) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക.** (2x ½= 1)

i) ശ്വാസകോസം, ശ്വാസകോശം, ശ്വാസകോഷം

ii) സാമൂഹികവിരുദ്ദർ, സാമൂഹികവിരുദ്ധർ, സാമൂഹികവിരുത്തർ

**6) അർഥവ്യത്യാസം എടുത്തെഴുതുക.** (2x 1= 2)

i) അന്തസ്സ് – അഹസ്സ്

(അഭിമാനം - ദിവസം, ദിവസം - അഭിമാനം, ദിവസം - പരാതി)

ii) ഇഷ്ടം – നഷ്ടം

(താല്പര്യം – കുറവ്, പേടി – താല്പര്യം, കുറവ് – താല്പര്യം)

**7) പര്യായപദങ്ങൾ എഴുതുക.** (2x 1= 2)

i) അമ്മ ii) ശിരസ്സ്

**8) ചേർത്തെഴുതുക.** (2x 1=2)

i) ഓടി +ചെന്നു ii) ആദ്യം + ആദ്യം

**9) പിരിച്ചെഴുതുക.** (2x 1=2)

i) കേൾക്കാമായിരുന്നു ii) പൊത്തിക്കൊണ്ട്

10) **എതിർലിംഗം എഴുതുക.** (2x 1=2)

i) വീരൻ ii) രോഗി

11) **വിപരീതപദം എഴുതുക.** (2x 1= 2)

i) ചിരി ii) ആരംഭം

12) **തെറ്റുണ്ടെങ്കിൽ തിരുത്തുക.** (1)

നെഞ്ചു കൂടുകെട്ടി ആകെ അവശനായി പരവശനായി അവൻ അഴികൾക്കിടയിലൂടെ കൈ നീട്ടി ഉറക്കെ കരഞ്ഞുവിളിച്ചു.

13) **താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** (2x 3= 6)

i) മനോരോഗാശുപത്രിയിൽ കഥാകാരി കണ്ട ചെറുപ്പക്കാരന്റെ രൂപം എങ്ങനെയുള്ളതായിരുന്നു?

ii) “നിങ്ങൾ, കുട്ടികൾ പിച്ചവച്ചു നടക്കുന്ന വഴികളിൽ മുഴുവൻ ചതിക്കുഴികളാണ്.”
പാഠഭാഗത്തെ ഈ വാക്യങ്ങൾ സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

iii) "നിന്റെ തലമുറ ഇത്ര വിഡ്ഢികളായിക്കൂടാ." അമ്മ മകനോട് ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാണ്?

***